# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/147/2017 **പത്രക്കുറിപ്പ്** 2017 ജൂലായ് 14

**എം. ജി ബിരുദ ഏകജാലകം : പട്ടികജാതി/പട്ടിക വർഗ്ഗ ര ാം ഘട്ട പ്രത്യേക അലോട്ട്മെന്റിന് ഓപ്ഷൻ പുനക്രമീകരണം ഇന്ന് (ജൂലായ് 15) വൈകീട്ട് 5 മണി വരെ.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ബിരുദ പ്രവേശനത്തിന് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജൂലായ് 18 ന് നടത്തുന്ന രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തേ നൽകിയ ഓപ്ഷനുകൾ പുനക്രമീകരിക്കുവാൻ ഇന്ന് (ജൂലായ് 15) വൈകുന്നേരം അഞ്ചുമണി വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. താത്കാലിക പ്രവേനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതാണ്. ഒന്നാം പ്രത്യേക അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം അടുത്ത അലോട്ട്മെന്റിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്ന പക്ഷം പുതുതായി അലോട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബന്ധമായും പ്രവേശനം നേടേണ്ടതായി വരും. കൂടാതെ അവർക്ക് ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. സ്ഥിര പ്രവേശം നേടിയവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല.

**പരീക്ഷാതീയതി**

ഒന്നും രണ്ടും സെമസ്റ്റർ എം. എ തമിഴ് (സി. എസ്. എസ് - 2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ ജൂലായ് 26 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 17 വരെയും, 50 രൂപ പിഴയോടെ 18 വരെയും, 500 രൂപ സൂപ്പർഫൈനോടെ 20 വരെയും സ്വീകരിക്കും. പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ ഇന്റേർണൽ മാർക്കുകൾ അപ്ലോഡ് ചെയ്യേണ്ടതാണ്. വീഴ്ച വരുത്തുന്ന കോളേജുകൾ സർവ്വകലാശാലാ ഉത്തരവുപ്രകാരമുള്ള പിഴ അടക്കേണ്ടതാണ്.

നാലാം സെമസ്റ്റർ ബി. എ (ക്രിമിനോളജി) എൽ. എൽ. ബി (ഓണേഴ്സ്)/ബി. കോം എൽ. എൽ. ബി (ഓണേഴ്സ്)/ബി. ബി. എ എൽ. എൽ. ബി (ഓണേഴ്സ്) (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജൂലായ് 31 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 20 വരെയും, 50 രൂപ പിഴയോടെ 21 വരെയും, 500 രൂപ സൂപ്പർഫൈനോടെ 24 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

മൂന്നാം സെമസ്റ്റർ ബി. എഡ് (സ്പെഷ്യൽ എഡ്യൂക്കേഷൻ - ലേണിംഗ് ഡിസെബിലിറ്റി - 2015 അഡ്മിഷൻ റഗുലർ - ക്രഡിറ്റ് & സെമസ്റ്റർ) ഡിഗ്രി പരീക്ഷകൾ ജൂലായ് 28 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 19 വരെയും, 50 രൂപ പിഴയോടെ 20 വരെയും, 500 രൂപ സൂപ്പർഫൈനോടെ 24 വരെയും സ്വീകരിക്കും. വിദ്യാർത്ഥികൾ 100 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**പ്രാക്ടിക്കൽ, പ്രോജക്റ്റ് ഇവാല്യൂവേഷൻ, വൈവാവോസി (ദയവായി എല്ലാ എഡിഷനുകളിലും)**

2017 ഏപ്രിലിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി. സി. എ - ഓഫ്കാമ്പസ് (2012 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സിചാൻസ്, 2012 മുതലുള്ള അഡ്മിഷൻ സി. ബി. സി. എസ്. എസ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലുള്ള വിദ്യാർത്ഥികൾക്ക് ജൂലായ് 27, 28, 31, ആഗസ്റ്റ് 1 തീയതികളിൽ പത്തനംതിട്ട എം. ജി സർവ്വകലാശാലാ സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിൽ വച്ചും, കോട്ടയം ജില്ലയിലെ വിദ്യാർത്ഥികൾക്ക് ജൂലായ് 20 ന് കോട്ടയം മള്ളൂശ്ശേരി പുല്ലരിക്കുന്ന് എം. ജി സർവ്വകലാശാലാ സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിൽ വച്ചും നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസത്തിൽ നടത്തിയ എം. എസ്സി. ഐ. റ്റി (ഓഫ് കാമ്പസ് - സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ, പ്രോജക്റ്റ് മൂല്യനിർണ്ണയം, വൈവാ വോസി എന്നിവ ആഗസ്റ്റ് 7 മുതൽ 9 വരെ പത്തനംതിട്ട യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലും ഇടപ്പള്ളി യൂണിവേഴ്സിറ്റി

കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസത്തിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം. എസ്സി. ഐ. റ്റി (ഓഫ് കാമ്പസ്, സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ, പ്രോജക്റ്റ് മൂല്യനിർണ്ണയം, വൈവാ വോസി എന്നിവ ആഗസ്റ്റ് 7 ന് പത്തനംതിട്ട, ചുട്ടിപ്പാറ യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലും, ഇടപ്പള്ളി, യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലും ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ 4-ാം സെമസ്റ്റർ എം. എസ്സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്/ഫുഡ്സയൻസ് ആന്റ് ടെക്നോളജി/ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ, പ്രോജക്റ്റ്, വൈവാ വോസി എന്നിവ ജൂലായ് 18 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എ ചെണ്ട, മദ്ദളം (റഗുലർ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 28 വരെ സ്വീകരിക്കും.

**ബി. എ സൂക്ഷ്മ പരിശോധന**

2016 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എ (സി. ബി. സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസ് സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂലായ് 20, 21 തീയതികളിൽ പരീക്ഷാ ഭവനിലെ ഇ. ജെ. 11 സെക്ഷനിൽ ഹാജരാകണം.

**എം. എ മലയാളം/ഇംഗ്ലീഷ് ക്ലാസ്സുകൾ**

സ്കൂൾ ഓഫ് ലെറ്റേഴ്സിലെ 2017-19 അധ്യയന വർഷത്തെ എം. എ മലയാളം/ഇംഗ്ലീഷ് ക്ലാസ്സുകൾ ജൂലായ് 20 ന് ആരംഭിക്കും.

**മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ തെരഞ്ഞെടുപ്പ് ആഗസ്റ്റ് 3 ന്**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2016-17) തെരഞ്ഞെടുപ്പ് ആഗസ്റ്റ് 3 ന് സർവ്വകലാശാലാ അസംബ്ലിഹാളിൽ വച്ച് നടത്തും. പ്രസിദ്ധീകരിച്ചിട്ടുള്ള കരട് വോട്ടർ പട്ടിക സംബന്ധിച്ചുള്ള പരാതികൾ ജൂലായ് 19 ന് 2 മണി വരെയും നാമനിർദ്ദേശപത്രികകൾ ജൂലായ് 26 - ന് 1 മണി വരെയും സ്വീകരിക്കും. നാമനിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധന ജൂലായ് 26 - ന് ഉച്ചയ്ക്ക് 2 മണിക്ക് നടത്തും. കൗൺസിലർമാർക്കുള്ള തിരിച്ചറിയൽ കാർഡ് അവരവരുടെ കോളേജ് പ്രിൻസിപ്പൽമാർക്ക് ജൂലായ് 28 ന് അയച്ച് കൊടുക്കുന്നതാണ്. വിജ്ഞാപനത്തിന്റെ പൂർണ്ണരൂപം വോട്ടർ പട്ടിക, നാമനിർദ്ദേശപത്രിക എന്നിവ www.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**